മിസ്റ്റർ പി. കെ. പോറ്റി: പെരിങ്ങൽകുത്തിൽ നല്ലരീതിയിൽ വിതരണംനടത്തുന്ന ഒരു റേഷൻഷാപ്പു സൊസൈറ്റിയുടെ കയ്യിൽനിന്നു എടുത്തു ഒരു സഹകാരിവ്യക്തിക്കു കൊടുത്തതായി ആക്ഷേപം കിട്ടിയിട്ടില്ലേ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: അതിനെപ്പറ്റി ആക്ഷേപം കിട്ടിയതായി ഓർമ്മയില്ല.

മിസ്റ്റർ പി. നാരായണമേനോൻ: സഹകാരിവ്യക്തികൾ നടത്തിവരുന്ന എത്ര റേഷൻ ഷാപ്പുകൾ സൊസൈറ്റിക്കാരെ ഏല്പിച്ചിട്ടുണ്ട്"?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: കൃത്യമായ എണ്ണം പറയാൻ സാധ്യമല്ല. അനേകം ഏല്പിച്ചിട്ടുണ്ട്".

മിസ്റ്റർ പി. നാരായണമേനോൻ: വ്യക്തികൾ എന്തെങ്കിലും തെറ്റു ചെയ്തിട്ടാണൊ അവരിൽനിന്നും ഷാപ്പുകൾ എടുത്തു സൊസൈറ്റിക്കാരെ ഏല്പിച്ചിട്ടുള്ളതു"?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: വ്യക്തികളുടെ പേരിൽ ആക്ഷേപങ്ങൾ വരുമ്പോൾ അവരുടെ ലൈസൻസ് കാൻസൽ ചെയ്യും. എന്നിട്ട അങ്ങിനെയുള്ളിടത്തു" സൊസൈറ്റിയുണ്ടെങ്കിൽ അതു" അവരെ ഏല്പിക്കും.

മിസ്റ്റർ പി. നാരയണമേനോൻ: അനേകം ഷാപ്പുകൾ സൊസൈറ്റികളെ ഏല്പിച്ചു എന്നു" പറഞ്ഞുവല്ലൊ. അങ്ങിനെ ഏറ്റെടുത്തു നടത്തിയശേഷം ഒരുകൊല്ലത്തെ ഭരണത്തിൽ കൂടുതൽ പഴക്കം സിദ്ധിച്ചിട്ടുള്ള വല്ല സൊസൈറ്റികളും ഉണ്ടെന്നു പറയാൻ സാധിയ്ക്കുമൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: റേഷൻ ഷാപ്പുകൾ പരസ്പരസഹായ സംഘങ്ങളെ ഏല്പിക്കുന്ന കാര്യം തീരുമാനിച്ചിട്ട ഒരു കൊല്ലമെ ആയിട്ടുള്ളൂ. ഷാപ്പുകൾ സൊസൈറ്റികളെ ഏല്പിച്ചുകൊടുക്കാൻ ഗവണ്മെണ്ടു തീരുമാനിച്ചു എന്നു കേട്ടപ്പോൾ അവ ഏറ്റെടുത്തു നടത്താൻ പല പുതിയ സൊസൈറ്റികളും ഉണ്ടാക്കി. അവയിൽ തൃപ്തികരമായി നടത്തുന്ന സൊസൈറ്റികൾക്കു ഷാപ്പുകൾ ഏല്പിച്ചുകൊടുത്തിട്ടുണ്ടു". ചില പഴയ സൊസൈറ്റികൾക്കും ഷാപ്പുകൾ ഏല്പിച്ചുകൊടുത്തിട്ടുണ്ടു".

മിസ്റ്റർ പി. നാരായണമേനോൻ: പഴയ സൊസൈറ്റികൾ എത്രയെണ്ണത്തിനു" ഏല്പിച്ചുകൊടുത്തിട്ടുണ്ടു"?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: നോട്ടീസു വേണം.

മിസ്റ്റർ പി. നാരായണമേനോൻ: വ്യക്തികൾ എന്തെങ്കിലും തെറ്റു ചെയ്താൽ അവരിൽനിന്നും ഷാപ്പു എടുത്തു സൊസൈറ്റിയെ ഏല്പിക്കുമെന്നു ഗവണ്മെണ്ടു" നിശ്ചയിച്ചിട്ടുണ്ടല്ലൊ. ഇത്തരത്തിലുള്ള ഒരു സംഘത്തിനു വ്യക്തികളുടെ പേരിൽ നിഷ്പ്രയാസം കുറ്റം ചുമത്താൻ സാധിയ്ക്കും എന്നുള്ള ധാരണ ഗവണ്മെണ്ടിനുണ്ടായിട്ടുണ്ടൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അങ്ങിനെ സംഭവിയ്ക്കാം. ഒരു തീപ്പു ചെയ്യുമ്പോൾ അതിനേയുംകൂടി പരിഗണിക്കും.

GOVERNMENT AID TO THE MALAYALAM DAILY "DEENABANDHU"

13. മിസ്റ്റർ പി. നാരായണമേനോൻ: താഴെ പറയുന്ന ചോദ്യത്തിനു ഗവണ്മെണ്ടു സദയം മറുപടി പറയുമോ.—

"ദീനബന്ധു" എന്ന പത്രത്തിനു ഗവണ്മെണ്ടു ചെയ്തുവരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാം?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഒന്നുമില്ല.

മിസ്റ്റർ പി. നാരായണമേനോൻ: ദീനബന്ധുവിനു ധനസഹായം ചെയ്യുന്നുണ്ടൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇല്ല.

മിസ്റ്റർ പി. കുരാരനെഴത്തശ്ശൻ: കഴിഞ്ഞ ബഡ്ജറ്റു സമ്മേളനത്തിൽവെച്ചു" ചില കടലാസുകൾക്കു ഇരുനൂറും മുന്നൂറും രൂപാവീതം ധനസഹായം ചെയ്യുന്നുണ്ടു" എന്നു പറഞ്ഞിട്ടുണ്ടു". അതിൽ 'ദീനബന്ധു'വും ഉൾപ്പെട്ടുമൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇല്ല. A. P. I, റോയിട്ടർ മുതലായ ന്യൂസ് ജാഗൻസികൾക്കു ഗവണ്മെണ്ടിൽനിന്നു ക, ൦ ൦ ൦ രൂപാ കൊടുക്കുന്നുണ്ടു". അവർ ന്യൂസ് സപ്ലൈ ചെയ്യുന്ന കടലാസുകളിൽ 'ദീനബന്ധു'വും ഉൾപ്പെടും.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. കുമാരനെഴത്തച്ഛൻ: മാറ പല പത്രങ്ങൾക്കും എന്നപോലെ "ദീനബന്ധു" വിനും കൊടുക്കുന്ന ഈ സഹായത്തിനു് ആനുകൂല്യം എന്നല്ലെ പേരു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അല്ല.

മിസ്റ്റർ പി. കുമാരനെഴത്തച്ഛൻ: 'ദീനബന്ധു'വിനു ഒ ഠ ഠ രൂപാ കൊടുക്കുന്നില്ലേ? അതു കടം കൊടുത്തതാണൊ, അതൊ ധനസഹായം ചെയ്തതാണൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ധനസഹായമാണു്. ഒരാനുകൂല്യമല്ല.

മിസ്റ്റർ പി. നാരായണമേനോൻ: "ദീനബന്ധു"വിനു് എത്ര രൂപാ കൊടുക്കുന്നുണ്ടു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ദീനബന്ധുവിനു രൂപാ കൊടുക്കുന്നില്ല. പക്ഷെ, ദീനബന്ധു ഉൾപ്പെടെയുള്ള പത്രങ്ങൾക്കു നൂസു് സപ്ലൈ ചെയ്യുന്ന A. P. I., റോയിട്ടർ മുതലായ നൂസു് ഏജൻസികൾക്കു് ആയിരം രൂപാ ഗവമ്മെണ്ടിൽനിന്നു് കൊടുക്കുന്നുണ്ടു്.

മിസ്റ്റർ പി. നാരായണമേനോൻ: ഈ സംഖ്യ എത്രകാലമായി കൊടുത്തുതുടങ്ങീട്ടു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: നോട്ടീസുവേണം.

മിസ്റ്റർ പി. നാരായണമേനോൻ: ഈ പത്രത്തെക്കുറിച്ചു 'സമസ്തകൊച്ചീനണപ്പത്രു' മെന്നു് പല പ്രസംഗമണ്ഡപങ്ങളിലും പ്രസംഗിച്ചിട്ടുള്ളതായും പല ലഘുലേഖകളും പ്രസിദ്ധപ്പെടുത്തീട്ടുള്ളതായും ഉള്ള വിവരം ഗവമ്മേണ്ടിനറിയാമൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇല്ല.

മിസ്റ്റർ പ്രസിഡണ്ടു്: പത്രങ്ങളിലെ ലേഖനങ്ങളെക്കുറിച്ചല്ലാ ചോദ്യം. ആനുകൂല്യങ്ങളെപ്പറ്റിയാണു്.

മിസ്റ്റർ പി. നാരായണമേനോൻ: സാധാരണ ഗവമ്മെണ്ടു് ധനസഹായം ചെയ്യാറു്, നണപറകയും അതു പ്രചരിപ്പിക്കുകയും ചെയ്യുന്ന പത്രങ്ങൾക്കാണൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അല്ല.

മിസ്റ്റർ. പി. നാരായണമേനോൻ: ഇതിനുമുമ്പു ഇതു ഒരു നണപത്രമാണെന്നു പ്രസംഗിച്ചിട്ടുള്ളതു ഗവമ്മെണ്ടിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ?

മിസ്റ്റർ. പി. ഗോവിന്ദമേനോൻ: ഉവ്വു്

മിസ്റ്റർ. പി. നാരായണമേനോൻ: അതിനെ സംബന്ധിച്ചു ലഘുലേഖകൾ പ്രസിദ്ധപ്പെടുത്തിട്ടുള്ളതു ഗവമ്മെണ്ടിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ?

മിസ്റ്റർ. പി. ഗോവിന്ദമേനോൻ: ഇല്ല.

മിസ്റ്റർ. പി. നാരായണമേനോൻ: അടങ്ങു ദീനബന്ധു എന്നുള്ള ലഘുലേഖ പ്രസിദ്ധപ്പെടുത്തീട്ടുള്ളതു ഗവമ്മെണ്ടിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ?

Mr. President: The Hon'ble Member must not drag that into other matters.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: It is connected with Deenabhandhu, Sir.

Mr. President: Anything connected with "Deenabandhu" doesn't come here. The Hon'ble Member may pursue his question properly.

മിസ്റ്റർ. പി. നാരായണമേനോൻ: നണപഠയുകയും പ്രചരിപ്പിക്കുകയും ചെയ്യുന്ന ഒരു പത്രത്തിനു ഗവമ്മെണ്ടു ധനസഹായം ചെയ്യാമോ?

മിസ്റ്റർ. പി. ഗോവിന്ദമേനോൻ: ആ പത്രത്തിനു പ്രത്യേകമായി ധനസഹായം ചെയ്യുകയില്ല. എന്നാൽ റോയിട്ടർ. A. P. I. എന്നി നൂസുസപ്ലൈസുകൾ ഇവിടത്തെ പത്രനൂസുസപ്ലൈ ചെയ്യുന്നതിനു ഫ ഠ ഠ ഠ രൂപ കൊടുക്കുന്നുണ്ടു്.

മിസ്റ്റർ. പി. കുമാരനെഴത്തച്ഛൻ: മിസ്റ്റർ നാരായണമേനോൻ പറഞ്ഞതുപോലെയുള്ള പത്രമാണെങ്കിൽ അതിനു ചെയ്യുന്ന ധനസഹായം നിർത്തൽ ചെയ്യാമോ?

മിസ്റ്റർ. പി. ഗോവിന്ദമേനോൻ: ഇതു വളരെ വിഷമമേറിയകാര്യമാണു്. ഇതിനെപ്പറ്റി അനേഷണംനടത്താൻ മുതിരുകയാണെങ്കിൽ ആ പണം ലാഭമായി എന്നുവരാം.

മിസ്റ്റർ. പി. നാരായണമേനോൻ: അനേഷണം നടത്തണമെന്നു തോന്നാത്തതു ഗവമ്മെണ്ടിന്റെ ധാർഷ്ട്യം കൊണ്ടല്ലേ?

മിസ്റ്റർ. പി. ഗോവിന്ദമേനോൻ: അങ്ങിനെയല്ല.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ. പി. കുമാരനെഴത്തച്ഛൻ: ഏതു നാട്ടിലെ ദിനസാരുടെ ബന്ധുവാണിതു"?

Mr. President : Put the question for information, please,

മിസ്റ്റർ. കെ. എസ്സ്". പണിക്കർ: കൊച്ചിയിലെ മറേറതൊരു ദിനപത്രത്തിനും കൊടുക്കുന്നതിനേക്കാളും കൂടുതൽസംഖ്യ ഈ പത്രത്തിനു കൊടുക്കുന്നുണ്ടോ?

മിസ്റ്റർ. പി. ഗോവിന്ദമേനോൻ: ഇല്ല.

മിസ്റ്റർ. പി. കുമാരനെഴത്തച്ഛൻ: "ദിനബന്ധു"എന്നപറയുന്ന ദിനപ്പത്രത്തിനു" ഷെയർഹോൾഡേഴ്സായി മന്ത്രിമാരിൽ ആരെങ്കിലുമുണ്ടോ?

മിസ്റ്റർ. പി. ഗോവിന്ദമേനോൻ: ഉണ്ട്". നിങ്ങളുടെ പ്രധാനമന്ത്രിതന്നെ,

മിസ്റ്റർ. പി. കെ. ഡീവർ: ഈ രാജ്യത്തു നണ തീരെപറഞ്ഞിട്ടില്ലാത്ത വല്ല പത്രവുമുണ്ടോയെന്ന ഗവമ്മെണ്ടു അന്വേഷിക്കാമോ?

Mr. President : That question does not arise.

മിസ്റ്റർ. പി. ഗോവിന്ദമേനോൻ: ഗവമ്മെണ്ട" അതിനൊരുക്കമില്ല.

DISTURBANCES IN THE MAHARAJA'S COLLEGE IN AUGUST 1947—DETAILS REGARDING

14. മിസ്റ്റർ പി. നാരായണമേനോൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവമ്മെണ്ടു സദയം മറുപടി പറയുമോ.—

(എ) ഇക്കഴിഞ്ഞ ആഗസ്റ്റ" മാസത്തിൽ എറണാകുളം മഹാരാജാസു" കോളേജ" വളപ്പിൽ വെച്ചുണ്ടായ വിദ്യാർത്ഥികളുടെ അടിപിടിയുടെ ഫലമായി എത്ര വിദ്യാർത്ഥികൾക്കാണു" ആസ്പത്രിയെ ശരണം പ്രാപിക്കേണ്ടിവന്നതു";

(ബി) പ്രസ്തുത വിദ്യാർത്ഥി ബഹളങ്ങൾക്കുണ്ടായ കാരണങ്ങൾ എന്തെല്ലാം ;

(സി) ഈ ബഹളത്തെ തുടർന്നു വിദ്യാർത്ഥികൾ എവിടെയെല്ലാമാണു" സത്യാഗ്രഹങ്ങൾ ആരംഭിച്ചതു" ;

(ഡി) ഓരോ ദിക്കിലും സത്യാഗ്രഹങ്ങൾ ആരംഭിച്ചതും അവസാനിച്ചതും എന്നു" ;

(ഇ) പ്രസ്തുത സത്യാഗ്രഹികൾ ആർ ; എന്തെല്ലാം വ്യവസ്ഥകളിന്മേലാണു" അവ സാനിപ്പിച്ചതു" ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ :

(എ) നാലു"

(ബി) വെളിവായി കഴിഞ്ഞിട്ടില്ല.

(സി), (ഡി), (ഇ) ഗവമ്മെണ്ടിനു" അറിവില്ല.

മിസ്റ്റർ. പി. നാരായണമേനോൻ: ആഗസ്റ്റ ൧൪-ാംനു- മഹാരാജാസ്സുകോളേജിലുണ്ടായ ബഹളങ്ങളെ തുടർന്നുണ്ടായ സംഭവങ്ങൾ എന്തെല്ലാമെന്നു ഗവമ്മെണ്ടിനറിയാമോ?

മിസ്റ്റർ. പി. ഗോവിന്ദമേനോൻ: അതിനുശേഷം പല സംഭവങ്ങളും ഉണ്ടായിട്ടുണ്ടു".

മിസ്റ്റർ. പി. നാരായണമേനോൻ: അതിനുശേഷം സത്യാഗ്രഹം ഉണ്ടായതായി അറിയാമോ?

മിസ്റ്റർ. പി. ഗോവിന്ദമേനോൻ: സത്യാഗ്രഹം എന്നുപറയുന്നതിന്റെ അർത്ഥം എന്താണെന്നു വ്യക്തമാക്കിയാൽ പറയാം.

മിസ്റ്റർ. പി. നാരായണമേനോൻ: കോളേജിന്റെ ഗേറ്റുകൾ മറുകുട്ടികളെ അകത്തുകടത്താതെ തടസ്സംചെയ്യുന്നതിനുവേണ്ടി; അതുപോലെ പ്രധിഷേധംകാണിക്കുന്നതിനു കോളേജിലും മറു ചിലതുടെപടിക്കലും പോയിഎഴുനേറ്റുപോകാതെ ഇരിക്കുക ഇങ്ങിനെയുള്ള പ്രവർത്തിയെ എന്റെഭാഷയിൽ സത്യാഗ്രഹം എന്നുപറയും. അതു അവിടെ ഉണ്ടായിട്ടുണ്ടോ എന്നാണു ചോദിക്കുന്നതു".

മിസ്റ്റർ. പി. ഗോവിന്ദമേനോൻ: അതാണു സത്യാഗ്രഹം എന്നുള്ളതിനർത്ഥമെങ്കിൽ അങ്ങിനെ ചിലതു ഉണ്ടായിട്ടുണ്ടു".

മിസ്റ്റർ. പി. കുമാരനെഴത്തച്ഛൻ: ഇല്ല എന്നുപറഞ്ഞുവല്ലോ; സത്യാഗ്രഹത്തെ ഏതർത്ഥത്തിൽ ഉദ്ദേശിച്ചിട്ടാണു ഇല്ല എന്നുപറഞ്ഞതു"?

LIBRARY ARCHIVES Kerala Legislative Assembly